**ഭരണഭാഷ – മാതൃഭാഷ**


| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |


**നം: ജനറൽ/ഇ4/2018/സിഇ/തസ്വഭവ** **തീയതി. 18.01.2022**

## സർക്കുലർ

വിഷയം : തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യൂ) നോൺ ഗസറ്റഡ്/ഗസ്റ്റഡ് ഓഫീസേഴ്സിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കുന്നത്- ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കുന്നത് നിർദ്ദേശങ്ങൾ - സംബന്ധിച്ച്

**********

സർക്കാർ തലത്തിലും ചീഫ് എഞ്ചിനീയർ തലത്തിലും തീർപ്പാക്കിയ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട് വാർഷിക വേതന വർദ്ധനവ് തടഞ്ഞുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ലായെന്നും, അതാത് ജീവനക്കാരിൽ നിന്നും യഥാസമയം ഈടാക്കുന്നില്ല തുടങ്ങിയ വിവരങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ അച്ചടക്കനടപടി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാ ബന്ധപ്പെട്ട നിയന്ത്രണാധികാരികളും, പെൻഷൻ അനുവദിക്കുന്ന അധികാരികളും അന്തിമ NLCയ്ക്ക് ശുപാർശചെയ്യുന്ന അധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

1) Censure മുതൽ മുകളിലേക്കുള്ള എല്ലാ അച്ചടക്കനടപടികൾ തീർപ്പാക്കിയ ഉത്തരവിന്റെയും വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതും, ആയതിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

2) ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ യഥാസമയം നടപ്പിലാക്കി ATR ഈ കാര്യാലയത്തിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

3) ഗസറ്റഡ് ഓഫീസർമാർ, ടി ജീവനക്കാരുടെ ഇൻക്രിമെന്റ് തടഞ്ഞു വയ്ക്കൽ ഉൾപ്പെടെയുള്ള നടപടികൾ അക്കൗണ്ടന്റ് ജനറൽ ശമ്പളത്തിൽ കുറവ് വരുത്തിയ വിവരം സ്വയം സാക്ഷ്യപ്പെടുത്തി ഡിഡിഒ/കൺട്രോളിംഗ് ഓഫീസർ മേലൊപ്പ് ചാർത്തി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

4) അന്തിമ NLC നൽകുന്നതിനു മുൻപ് ടി ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, സർക്കാരിനുള്ള റിപ്പോർട്ട് ചെയ്യപ്പെട്ട സാമ്പത്തിക ബാധ്യതകൾ അച്ചടക്ക നടപടിയുടെ ഭാഗമായ ഫൈൻ/റിക്കവറി/ശമ്പളം തടയൽ എന്നിവ

LA

മൂലമുള്ള സാമ്പത്തിക ബാധ്യതകൾ എന്നിവയും പൂർണ്ണമായും തീർപ്പാക്കിയെന്ന് സേവനപുസ്തകവും, ATR-ഉം പരിശോധിച്ച് നിയന്ത്രണാധികാരി സർട്ടിഫൈ ചെയ്യേണ്ടതും ആയത് Pension Sanctioning authority ഉറപ്പുവരുത്തേണ്ടതുമാണ്.

5) Pension Sanctioning Authority-യ്ക്ക് അന്തിമ NLC യ്ക്ക് ശുപാർശ ചെയ്യുമ്പോൾ നിയന്തണ ഉദ്യോഗസ്ഥർ മേൽ വിവരങ്ങൾ വ്യക്തമാക്കി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഡിക്ലറേഷൻ കൂടി വാങ്ങി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.(മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)

**ചീഫ് എഞ്ചിനീയർ**

LA .

ഭരണഭാഷ – മാതൃഭാഷ

സത്യപ്രസ്താവന

**(See Circular No. Gen/E4/2018/CE/LSGD dtd. 18/01/2022)**

**(A)**

------------------------------------------------------------ (പേര്, പെൻ, തസ്തിക) എന്ന ഞാൻ, എന്റെ സേവന കാലാവധിക്കുള്ളിൽ ഉണ്ടായിരുന്ന അച്ചടക്ക നടപടികളുടെ ഭാഗമായ (ഫൈൻ/റിക്കവറി from Pay/ ശമ്പളം തടയൽ) തുടങ്ങിയവയുടെ ഫലമായുണ്ടായ സാമ്പത്തിക ബാധ്യത പൂർണ്ണമായും അടവാക്കിയിട്ടുണ്ട് എന്ന് എന്റെ ഉത്തമബോധ്യത്തിൽ സാക്ഷ്യപ്പെടുത്തുന്നു.

ബാധ്യത ഉണ്ടെങ്കിൽ (ബാധ്യത വിവരം)

| ക്രമ നമ്പർ | സർക്കാർ/സിഇ ഉത്തരവ് നമ്പർ, തീയതി. | ശമ്പളം തടയൽ/ കാലാവധി | ഫൈൻ/റിക്കവറി from pay | പൂർത്തിയാക്കിയ വിവരം | റിമാർക്ക് |
|---|---|---|---|---|---|
| | | | | | |

**(B)**

-----------------------------------(പേര്, പെൻ, തസ്തിക) എന്ന ഞാൻ, എന്റെ സേവന കാലാവധി ക്കുള്ളിൽ അച്ചടക്ക നടപടികളുടെ ഭാഗമായ (ഫൈൻ/റിക്കവറി from pay/ശമ്പളം തടയൽ) എന്നിവ ഉണ്ടായിട്ടില്ല.

ഒപ്പ്
പേര്
പെൻ
തസ്തിക

സ്ഥലം
തീയതി

---

ഓഫീസ് മേലധികാരിയുടെ

ഒപ്പ്

പേര്

സ്ഥലം

തീയതി (സീൽ)

LA